**ഭരണഭാഷ-മാതൃഭാഷ**

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001

ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042

ഇ-മെയിൽ : directorprinting@yahoo.com

നമ്പർ. 8452/2017/ഇ1/ഡിപി

തീയതി : 14.02.2019

## സർക്കുലർ

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - 2019-ലെ പൊതുസ്ഥലമാറ്റം - അപേക്ഷകൾ ക്ഷണിക്കുന്നു.

പരാമർശം:- 1. ജി.ഒ.(പി) നമ്പർ: 117/02/ഉ.വി.വ. തീയതി: 10.09.2002.
2. ജി.ഒ.(പി) നമ്പർ: 12/04/ഉ.ഭ.പ.വ. തീയതി: 10.09.2004 ഉത്തരവുകളും അനുബന്ധ ഉത്തരവുകളും.
3. ജി.ഒ.(പി) നമ്പർ: 03/17/ഉ.ഭ.പ.വ. തീയതി: 25.02.2017 നമ്പർ ഉത്തരവ്

അച്ചടി വകുപ്പിലെ മിനിസ്റ്റീരിയൽ/സാങ്കേതിക വിഭാഗം ജീവനക്കാരിൽ നിന്ന് (ഗസറ്റഡ് ഓഫീസർമാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഒഴികെ) 2019-ലെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന ജീവനക്കാർ നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ (രണ്ട് പ്രതി) അതാത് ഓഫീസ് മേധാവികൾക്ക് 25.02.2019-നോ അതിനു മുൻപോ സമർപ്പിക്കേണ്ടതാണ്. ഏപ്രിൽ 30നകം അതാത് കാര്യാലയത്തിൽ 3 വർഷം തികയാത്ത ജീവനക്കാരുടെ അപേക്ഷകളും പൂർണ്ണമല്ലാത്ത അപേക്ഷകളും 28.02.2019-ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകളും ബന്ധപ്പെട്ട ഓഫീസ് മേധാവികൾ നിരസിക്കേണ്ടതാണ്. ഓഫീസ് മേധാവികൾ മുഖേനയല്ലാതെ നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഈ സർക്കുലർ പുറപ്പെടുവിക്കുന്നതിനു മുമ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഇപ്പോഴുള്ള പൊതുസ്ഥലംമാറ്റ പ്രകാരം സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള അപേക്ഷയായി പരിഗണിക്കുന്നതല്ല. പരാമർശത്തിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത്.

സ്ഥലം മാറ്റത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നതിനോ സ്ഥലം മാറ്റത്തിന് മുൻഗണനയുള്ളതോ ആയ ജീവനക്കാർ ആയതിനുള്ള മതിയായ രേഖകളുടെ പകർപ്പ് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടെ സമർപ്പിക്കേണ്ടതാണ്.

സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസർമാർ സ്വീകരിച്ചു എന്നതിനുള്ള രസീത് ഓഫീസ് തലവനിൽ നിന്ന് ജീവനക്കാർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിവിധ കാര്യാലയങ്ങളിൽ ലഭിക്കുന്ന പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ കാറ്റഗറി തിരിച്ച് പ്രത്യേകം പ്രത്യേകം ഉപരിപത്രത്തോടൊപ്പം അച്ചടി വകുപ്പ് ഡയറക്ടർക്ക് **2019 മാർച്ച് 5-നോ** അതിനു മുൻപോ ലഭിക്കത്തക്കവിധം അയച്ചു തരേണ്ടതാണ്. അതോടൊപ്പം ഓരോ കാര്യാലയത്തിലും മൂന്നു വർഷം പൂർത്തിയാക്കിയവരുടെ ലിസ്റ്റും അയച്ചു തരേണ്ടതാണ്.

ഡയറക്ടറേറ്റിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം **2019 മാർച്ച് 20-നോ അതിനു മുൻപോ** അച്ചടി വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറക്ടർ.

പകർപ്പ്:- ശാഖാ കാര്യാലയ മേധാവികൾക്ക്./തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഓഫീസർമാർക്ക്./ജീവനക്കാര്യ വിഭാഗം സെക്ഷൻ മേധാവികൾക്ക്./വിവിധ സീറ്റുകൾ കൈകാര്യം ചെയ്യുന്ന എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ക്ലാർക്കുമാർക്ക്./സ്റ്റോക്ക് ഫയൽ./ഫയൽ കോപ്പി./നോട്ടീസ് ബോർഡ്./ഓഫീസ് കോപ്പി.